ഫൈനാൻഷ്യൽ കോർപ്പറേഷൻ വായ്പയ്ക്ക് ഈടാക്കുന്ന പലിശ

*24 [228] ശ്രീ. വി. ഡി. സതീശൻ:
,, സി. പി. മുഹമ്മദ്:
,, ഇ. എം. അഗസ്തി:
,, എം. എ. ചന്ദ്രശേഖരൻ:
,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് നൽകുന്ന വായ്പയ്ക്ക് ഇപ്പോൾ ഈടാക്കുന്ന പലിശ എത്ര ശതമാനമാണ്;

(ബി) 2000-നു മുൻപ് കോർപ്പറേഷൻ നൽകിയ വായ്പയ്ക്കുള്ള പലിശ എത്രയായിരുന്നു;

(സി) അതേ പലിശനിരക്ക് ഇപ്പോഴും തുടരുകയാണോ;

(ഡി) അല്ലെങ്കിൽ പ്രസ്തുത കാലയളവിന് മുമ്പെടുത്ത വായ്പകളുടെ പലിശ എത്ര ശതമാനമായാണ് പുനർനിർണ്ണയം നടത്തിയതെന്ന് വെളിപ്പെടുത്താമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ശങ്കരനാരായണൻ):

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും 15-12-2003 മുതൽ വായ്പകളുടെ പലിശനിരക്ക് താഴെ കൊടുത്തിരിക്കുന്നു:

	ലോൺ തുക	*പലിശനിരക്ക്*
1.	50,000 രൂപ വരെയുള്ള വായ്പകൾക്ക്	8.25 ശതമാനം
2.	50,001 രൂപ മുതൽ 2,00,000 രൂപ വരെ	8.75 ,,
3.	2,00,001 രൂപയ്ക്കു മുകളിൽ	11.50 ,,

(ബി) കോർപ്പറേഷന്റെ കാലാകാലങ്ങളിലുള്ള വായ്പയ്ക്കുള്ള പലിശ നിരക്ക് കോർപ്പറേഷന് ലഭിക്കുന്ന ധനാഗമ മാർഗ്ഗങ്ങളായ പുനർവായ്പയുടെയും (Refinance) കടപ്പത്രത്തിന്റെയും (SLR Bonds) പലിശനിരക്കിനോട് ബന്ധപ്പെട്ടിരിക്കുന്നു. ആയതുകൊണ്ട് 2000-നു മുമ്പ് കോർപ്പറേഷന്റെ വായ്പ നിരക്കുകൾ പല അവസരത്തിലും ഭേദഗതി ചെയ്യേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ 1-4-2000-നു തൊട്ടു മുമ്പ് നിലനിന്നിരുന്ന വായ്പകളുടെ പലിശനിരക്ക് താഴെ കൊടുത്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ലോൺ തുക	*പലിശനിരക്ക്*
1. 2,00,000 രൂപ വരെയുള്ള വായ്പകൾക്ക്	14 ശതമാനം
2. 2,00,001 രൂപ മുതൽ	15.5 ,,
3. ആശുപത്രികൾ, മറ്റു സേവന മേഖലകൾക്ക്	16 ,,
4. പ്രവർത്തന മൂലധനത്തിന്	17 ,,
5. ഇടക്കാല വായ്പകൾ (Short term loan)	19 ,,

(സി) ഇല്ല.

(ഡി) 15-12-2003-ൽ ആണ് കോർപ്പറേഷൻ പലിശനിരക്ക് ഏറ്റവും അവസാന മായി പുനർനിർണ്ണയം ചെയ്തത്. 15-12-2003-നു മുൻപായി എടുത്തിട്ടുള്ളതും കൃത്യമായി തിരിച്ചടവുള്ള വായ്പകൾക്കും പലിശ പുനർനിർണ്ണയം നൽകിയിട്ടുണ്ട്. കൂടാതെ കുടിശ്ശികയുള്ളവർ അവരുടെ 1-1-2004-ലെ പലിശയുടെ അൻപത് (50) ശതമാനമെങ്കിലും 31-3-2004-നുള്ളിൽ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ അവർക്ക് ഈ ആനുകൂല്യം ബാധകമാക്കിയിട്ടുണ്ട്.

പുനർനിർണ്ണയം ചെയ്തിട്ടുള്ള പലിശനിരക്ക് താഴെ കൊടുത്തിരിക്കുന്നു :

ലോൺ തുക	*പലിശനിരക്ക്*
1. 50,000 രൂപ വരെയുള്ള വായ്പകൾക്ക്	9.25 ശതമാനം
2. 50,001 രൂപ മുതൽ 2,00,000 രൂപ വരെ	9.75 ,,
3. 2,00,001 രൂപയ്ക്കു മുകളിൽ	12.5 ,,

റേഷൻ മൊത്തവിതരണ ഡിപ്പോകളിൽ നടന്ന ക്രമക്കേട്

*25 [229] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ റേഷൻ മൊത്തവിതരണ ഡിപ്പോകളിൽ ക്രമക്കേട് നടക്കുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സർക്കാർ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) കുറ്റക്കാർക്കെതിരെ സർക്കാർ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly